[St Luke 1: 46 – 55] **Mary said, "My soul magnifies the Lord, and my spirit rejoices in God my Savior / because He has looked upon the lowliness of His handmaid; / for behold, from henceforth all generations shall call me blessed.**

[St Luke 1: 46 – 55] **മറിയാം പറഞ്ഞതെന്തെന്നാൽ: എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു; എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.**

Because He who is mighty has done great things for me and holy is His name. / And His mercy is from generation to generation on those who fear Him.

എന്തെന്നാൽ ശക്തിമാനും, തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

He has won victory with His arm, He has scattered the proud in the conceit of their heart. / He has put down the mighty from their thrones, and has exalted the lowly.

അവൻ തന്റെ ഭുജം കൊണ്ട് ജയമുണ്ടാക്കി; തങ്ങളുടെ ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു; അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

He has filled the hungry with good things and the rich He has sent away empty. / He has given help to Israel, His servant, mindful of His mercy / even as he spoke to our fathers, to Abraham and his seed forever... *Barekmor.*

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും, സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ചപ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു... *ബാറെക്മോർ.*

† Glory to the Father, Son, and Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

MAWRBE of NIGHT VIGIL

I

(1.2 — Lekh dithaikh, Deivathin maathave bhoolokathin)

You are the pride of the whole creation
O Theo-tokos
Because from you God the Word
Was pleased to take flesh
O virgin pure and holy,
We exalt you with praise

ദൈവത്തിൻ മാതാവേ! ഭൂലോകത്തിൻ
സ്തുതി തൻ ഭാജനമാം
നിന്നിൽ നിന്നും വചനമതാം
ദൈവം ഹിതമൊടു ജഡമേറ്റു
പരമ വിശുദ്ധിയെഴും കന്യേ!
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ.

You are the closed door, which Ezek'el saw,
O Mother of God,
By which no man has entered
Except God the Word
O virgin pure and holy,
We exalt you with praise

You who promised and said that where you are,
Your servants shall be
And all the martyrs heard You
And followed You Lord
And shunned this temp'o'ral life
We exalt you with praise

ഞാൻ മേവുന്നേടത്തെൻ ശുശ്രൂഷകരും
മേവിടുമെന്നുള്ളോ-
രാനിൻ മൊഴിയാൽ ശാശ്വതമാം
ജീവിതമാർജ്ജിപ്പാൻ സഹദേർ
നശ്വരമായത് കൈവിട്ടാർ

വാഴ്ത്തുന്നു നിന്നെ ഞങ്ങൾ.

O Lord, in your mercy give a good hope
To the de-parted
Who ate Your holy body
And absol-ving blood
Let them stand at Your right hand
When your majesty appears... *Barekmor*

കർത്താവേ! പാവനമാം നിന്തിരുമെയ്യും
പുണ്യദമാം നിണവും
കൈക്കൊണ്ട പരേതർക്കെല്ലാം
കനിവൊട് ശരണം നൽകണമേ
നിന്റെ മഹത്ത്വമുദിക്കും നാൾ
വലഭാഗത്തവർ നിൽക്കേണമേ... *ബാറെക്മോർ*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Let us all offer praise to the Father
And worship the Son
And give thanks to the Spirit;
Three Holy Persons
Praise be to the One True God
And mercy be to us

ക്നുമ്മാ മൂന്നായിടും സത്യൈകേശൻ
താതൻ തന്നെ നാം
വാഴ്ത്തേണം സുതനെ വണങ്ങി
കീർത്തിക്കേണം റൂഹായെ
ദൈവത്തിൻ കൃപ നമ്മുടെ മേൽ
ഉണ്ടാകട്ടെന്നേന്നേയ്ക്കും.

II

(2.2 - Hoy d'Men Shmayone, Vaanavar doothar maanikunnole)

O you who are - extolled with wonder
By those above - and by those below
Peace to - you, Mother of God

വാനവദൂതർ - മാനിക്കുന്നോളേ!
മാനവരനിശം വാഴ്ത്തീടുന്നോളേ!
ദൈവ-ജനിത്രീ! ശ്ലോമ്മോ തേ!

You who gave birth - in virginity
And not by seed - but by the Spirit
Peace to - you, mother unwed

മശിഹാ തൻ പ്രിയരാം - പരിശുദ്ധന്മാരേ!
ശ്ലോമ്മോ ക്ലേശം - പൂണ്ടോരേ ഭാഗ്യം
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

Peace be with you - O, you, Holy Saints
You friends of Christ - who trampled all pain
May your - pray'rs be our stronghold... *Barekmor.*

ഈറയ സഹിതം - പുനരുത്ഥാനത്തി-
ന്നെത്തുമ്പോൾ വിശ്വാസികളാം മൃതരിൽ
കൃപ ചെയ്യണമേ കർത്താവേ!.. *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

When the watchers - exalt You with praise
As you descend - to bring the resurrection.
Lord, raise up the dead.

ആദ്യന്തവിഹീനൻ - താതനെ വാഴ്ത്തീടാം
കുരിശാൽ വീണ്ടോൻ - സുതനെ വന്ദിക്കാം

റൂഹ്ക്കു-ദിശായെ കീർത്തിക്കാം.

III

(3.1 — Lekh d'kitho, Alavatonam deivathe)

O virgin, the God-bearer
Your body was glorified
For you were the treasure house.
By wonder, your womb carried
God Who is the infinite!
We all honor you!

അളവറ്റോനാം ദൈവത്തെ
ഗർഭാശയമാം മണിയറയിൽ
വിസ്മയകരമുൾക്കൊണ്ടോളാം
പാവന കന്യേ! ദൈവത്തിൻ
മാതാവേ! നിന്നെ ഞങ്ങൾ
സതതം വാഴ്ത്തുന്നു.

The prophets foretold of you
By their myst'ries of wonder -
In the burning bush, the fleece,
The Ark of the Covenant,
The cloud, the lamp stand and the
Tablets of the law

We call on you, St. (Titus)
For we all are afflicted
Answer us, O holy one,
And respond to our requests
For your Lord loves you greatly
May your pray'r help us

അത്യവശതയൊടു മാർതോമ്മാ!
നിന്നെ വിളിക്കുന്നു ഞങ്ങൾ
യാചനകളെ നിറവേറ്റണമേ
സർവ്വോപരി നിന്നെ നാഥൻ

സ്നേഹിപ്പൂ നിൻ പ്രാർത്ഥനയീ
ഞങ്ങൾക്കാലംബം.

Our Lord has given the pledge
Of life to the believers
That they pass from death to life
Bless'ed are the departed
Who ate His Body and Blood
For He will raise them...*Barekmor.*

തിരുമെയ്യും തിരുരക്തമതും
കൈകൊണ്ടോരു വിശ്വാസികളെ
ജീവിപ്പിച്ചീടുമെന്നേവം
നൂതന ജീവിതവാഗ്ദത്തം
നേടിയ വിഗതന്മാർ ധന്യർ
പ്രാണദനാണീശൻ... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

The Church with all her children
Offers pure and pleasant praise
With sweet, melodi'ous voices
To the Father, and the Son,
And to the Holy Spirit;
We glorify Him!

സത്യൈകേശൻ ജനകന്നും
സുതനും വിമലാത്മാവിന്നും
ശ്രുതി മധുരം മോദപ്രദമാം
വിമലസ്തുതിയർപ്പിക്കുന്നു.
ത്രിത്വാത്മകനേ! ഞങ്ങളുമ-
ങ്ങനിശം കീർത്തിപ്പൂ.

IV

(4.3 — Lekh Fayo, Deivathin maathave)

O Virgin, God-bearer,
It is fitting to praise you
For it was through you God the Father reconciled
With our human race

ദൈവത്തിൻ - മാതാവേ! - കന്യേ! നീ മൂലം ദൈവം
മാനവ വർഗ്ഗത്തോടു യോജിച്ചതിനാലെന്നേക്കും
നീ കീർത്തിതയാവാൻ - യോഗ്യ.

Bless'ed are - You, O Lord
Who, in mercy, came to us
And who brought salvation and redemption for those
Who believed in You

The saints did - suffer pain
And all kinds of afflictions
O Lord of all, by your love may they intercede
For us all, sinners

സർവ്വാധീ-ശാ! നാഥാ! നിന്നോടെഴും സ്നേഹം മൂലം
യാതനയേറ്റോരപ്പരിശുദ്ധന്മാരർത്ഥിക്കും
പാപികളാകും - ഞങ്ങൾക്കായ്.

The faithful - departed
Look for your second coming
That you might console them in the resurrection
And give thanks to You... *Barekmor.*

ഉടയോനാം-മിശിഹായേ! ഉത്ഥാനത്താലാശ്വാസം
നേടാൻ നിൻ വരവിന്നായ് മൃതരേറ്റം കാംക്ഷിപ്പൂ
അവർ നിന്നെ - ക്കീ-ർത്തിക്കട്ടെ... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ

മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Holy are - You, O God,
Exalted forevermore;
Who placed the absolving altar by Your_ grace
In the Holy Church

സ്വർഗ്ഗമതിൽ - വാഴ് വോനേ! തിരുസഭ തന്നിൽ പുണ്യത്തിൻ
തിരുബലിപീഠത്തെ സ്ഥാപിച്ചോനേ! എന്നേക്കും
ഉന്നതനേ! പരിശുദ്ധൻ നീ.

V

(5.1 — Eshayo Duz kad hodeth, Kanyakagarbiniyayi athinal)

Exalt, Isaiah! Rejoice,
For the virgin has conceived
Behold, she has given birth - to the First - Born Son
He is truly God from God
We glorify and praise Him
He is the rad'i'ance and - the brightness
As the prophet spoke

കന്യക ഗർഭിണിയായതിനാൽ
ആനന്ദിക്കുക നിബിയാമേശായാ!
അമ്മനുവേലാമാദ്യജനെ പ്പെറ്റു - കന്യകയാൾ
ഉദയം ദൈവിക ദൈവം, കതിരെ-
ന്നിവ നിബി ചൊല്ലിയ തൻ നാമങ്ങൾ
അവനെക്കീർത്തിച്ചാ ജനനി-
ക്കനിശം ഭാഗ്യം നേരുന്നീ ഞങ്ങൾ.

Peace be unto you, Mary
The one who is full of grace
The prophets of the Spirit - were amazed - at you
Peace be unto you, O cloud
Which Isaiah prophesied
Peace be unto you, the staff - of Aaron –
Which brought forth new leaves

Exult, Fathers and teachers
And rejoice exceedingly
For the seed of your teaching - has sprouted - and grown
It has given fruits of faith
Thirty, sixty, and hundred fold,
According to the true Word - which was heard
In our Lord's Gospel

താതന്മാരേ പണ്ഡിതരാം
മൽപ്പാന്മാരേ! പാരം മോദിപ്പിൻ
വചനമതാകും വിത്തു വളർന്നേവൻഗേലിയോനിൽ
നാഥൻ നേരായരുളിയ പോൽ
മുപ്പതുമറുപതുമൊരുനൂറും മേനി
വിശ്വാസമതാകുന്ന ഫലം
ലോകർക്കരുളിയതോർത്താലാശ്ചര്യം.

Grant rest and gladness to Your
Faithful servants O Lord God
Console them as you promised - in resurrection
You, who were among the dead
And preached to them the Good News,
Raise the righteous ones who sleep - in Sheol –
From the destruction... *Barekmor.*

സർവ്വേശാ മശിഹാ! വിശ്രാന്തിയു
മാനന്ദമതും ദാസർക്കരുൾക.
മരണം കൈക്കൊണ്ടാനാം നീ - പാതാളസ്ഥിതരെ
നാശം തീർത്തെഴുന്നേൽപ്പിപ്പാൻ
സാക്ഷാത്താം ജീവോത്ഥാനങ്ങൾ
വാഗ്ദത്തം ചെയ്തോതിയ പോൽ
ആശ്വാസമവർക്കുത്ഥാനേ നൽക... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ

മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

The Church and all her children
Praise, adore, and glorify
The myst'ry, the Father, Son, - and Holy - Spirit:
The Father, True Light; the Son
The brilliance of His essence;
And the Comforter Spirit - One True God
We glorify Him

വീണു വണങ്ങിക്കീർത്തിക്കുക
പാവന സഭയേ! നിന്നാത്മജരൊപ്പം
ത്രിത്വ രഹസ്യമതാം താതാ-ത്മജറൂഹ്ക്കുദിശായെ
ജനകൻ സത്യപ്രഭ തനയൻ
നിത്യമതാകും കിരണത്തിന്നുദയം
റൂഹായാശ്വാസപ്രദനാം
ഏകൻ ദൈവത്തെ വാഴ്ത്തുന്നെങ്ങൾ.

VI

(6.3 — Kad Mkad Menan, Deivathin maathave kanye vazthunnu)

When we draw near - to - you, Mary
To exult you, O Virgin
We glorify and praise Him
Who was born in flesh from you

ദൈവത്തിൻ മാതാവേ! കന്യേ!
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
ഞങ്ങൾ വണങ്ങിക്കീർത്തിപ്പൂ
നിന്നിൽ നിന്ന് പിറന്നോനെ.

We draw near to - You - Christ our God
To worship Your majesty
For by Your incarnation
You have enlightened the world

When we draw near - to - exult you

Prophets, apostles, and Martyrs,
We glorify and praise Him
For whom you endured suff'ring

നിബി ശ്ലീഹാ സഹദേരേ! ഞങ്ങൾ
നിങ്ങളെയേറ്റം വാഴ്ത്തുന്നു
ആർക്കായ് പാടേറ്റു നിങ്ങൾ
അവനെ നമിച്ച് പുകഴ്ത്തുന്നു.

We draw near to - you - departed
To pray and beseech the Lord
That our God may absolve you,
For you have slept in His hope... *Barekmor.*

വിശ്വാസികളാം വിഗതന്മാരേ!
നിങ്ങളെയോർക്കുന്നു ഞങ്ങൾ
പ്രാണപ്രദനൊടു യാചിപ്പൂ
പുണ്യം നിങ്ങൾക്കേകീടാൻ... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

When we draw near - to - you, O Christ
We glorify and praise You,
And your heavenly Father,
And your all Holy Spirit

ദേവാധിപനാം മശിഹാ! നാഥാ!
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
താതനെയും വിമലാത്മനെയും
ഞങ്ങൾ നമിച്ചു പുകഴ്ത്തുന്നു.

VII

(7.1 — Lhaw d'ethiled, Priyanam lazarinekabareen...)

Come, let us glorify Him who truly was born of the holy virgin
The Sun of Justice was manifested from the womb of Mary
Let us all - worship and - praise Him forever

പരിണയമെന്യേ കന്യകയീ-ന്നുദയം
ചെയ്തോനെ വാഴ്ത്താൻ വന്നിടുവിൻ
കന്യാഗർഭത്തിന്നുദയം - ചെയ്തോരു
നിതിമഹാർക്കനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതി ചെയ്താരാധിക്കേണം.

Come, let us glorify Him who was born in the manger in Bethlehem
The One Who nourished thousands in the desert drank His mother's milk
Let us all - worship and - praise Him forever

Come, let us glorify Him who gave strength to the athletes in their battle
They fought against the evil one and they emerged in vict'o'ry
Let us all - worship and - praise Him forever

വീര്യം തൻ പോരാട്ടക്കാ-ർക്കേകി-
യൊരുടയോനെ വാഴ്ത്താൻ വന്നിടുവിൻ
സമരത്തിൽ ജയമാർന്നോർക്കായ് - മകുടം
നൽകിയ നാഥനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതി ചെയ്താരാധിക്കേണം.

Come let us glorify Him who called Lazarus from the tomb and raised him,
And who saved the young man, son of the widow from the bonds of death
Let us all - worship and - praise Christ forever... *Barekmor.*

പ്രിയനാം ലാസറിനെ കബറീ-ന്നെഴുന്നേൽ-
പ്പിച്ചോനെ വാഴ്ത്താൻ വന്നിടുവിൻ
മൃതിപാശത്തീന്നും വിധവാ-സുതനെ

വിടുവിച്ചോനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതി ചെയ്താരാധിക്കേണം...
ബാറെക് മോർ.

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Come let us glorify, worship, and offer praise to the Holy Father
Thanksgiving to His own Son and honor to the Holy Spirit
Let us all - worship and - praise Him forever

താതനെയും തൽ സുതനെയും - റൂഹ്ക്കുദി
ശായെയും വാഴ്ത്താൻ വന്നിടുവിൻ
പാവന ത്രിത്വ രഹസ്യത്തെ സംഘം - ചേർ
ന്നങ്ങൊന്നായ് നാമെന്നേരത്തും
വിശ്രമമെന്യേ സ്തുതി ചെയ്താരാധിക്കേണം

VIII

(8.1 — Yeldo Gnizo, Vishwasikal namme rakshipaan)

That invisible infant
Who appeared on Mount Horeb
Was seen in the burning bush
And came forth from the virgin - wondrously
To save and redeem us all
There-fore, we magnify. her unceasingly

വിശ്വാസികൾ നമ്മെ രക്ഷിപ്പാൻ
ഗിരി ഹോരേബിൻ ജ്വാലയതിൽ
ദർശിപ്പിച്ചൊരഗോചരനാം
പൈതലിനെ കീർത്തിച്ചീടാം
അതു പാർത്താൽ - അത്ഭുത കന്യാസൂചനയാം
തന്മൂലം സ്തുതി സതതം - നമ്മൾക്കർപ്പിക്കാം.

The bush beheld by Moses

Which the fire did not consume
Represented the Virgin
Who, without seed, gave birth to - God the Word
The creator of the world
There-fore, we magnify her unceasingly

The chosen twelve Apostles
Renounced the world and its snares
They despised earthly pleasures
And they put on Christ their God - their weapon
They have become our stronghold
There-fore, we magnify her unceasingly

ലോകത്യാഗികളാം ശ്ലീഹന്മാർ
വിജയായുധമായ് മശിഹായെ
നിത്യമണിഞ്ഞങ്കം വെട്ടി
കണ്ടാലും നമ്മൾക്കെല്ലാം
അവരിപ്പോൾ - അത്യുന്നതനാം - കോട്ടകളാം
തന്മൂലം സ്തുതി സതതം - നമ്മൾക്കർപ്പിക്കാം.

In the dwellings of the saints
Who rejoice without ceasing;
In the tents of light, O Lord;
In the place of all Your saints - Christ our God,
Grant rest to all Your servants
Who have fallen asleep trusting in Your hope... *Barekmor.*

കാരുണ്യക്കടലാം കർത്താവേ!
നിൻ ശരണമതിൽ - നിദ്രിതരാം
ദാസന്മാരെ അനവരതം - മോദിക്കും
ശുദ്ധന്മാർ തൻ ഭവനത്തിൽ
ശോഭനമാം കൂടാരത്തിൽ
പാർപ്പിച്ചേകീടണമേ - മേന്മേലാശ്വാസം... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit.
Unto the ages of ages and forevermore.

† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Praise to the Holy Father
Who sent forth His Holy Son
Who dwelt in all holiness
In the pure and holy womb - of Mary
To save and redeem us all
There-fore, we magnify her unceasingly

പാവനപുത്രൻ തൻ പ്രേക്ഷകനാം
താതൻ താൻ സ്തുത്യൻ വിശ്വാസം
പൂണ്ടാർ നാം രക്ഷിതരാവാൻ
നിർമ്മലമാമുദരം തന്നിൽ
നിർമ്മലമായ് - വന്നധിവാസം ചെയ്തതിനാൽ
ആത്മജനെ അനിശം നാം - കീർത്തിച്ചീടേണം.

[Psalm 133] *Amin*. **How good and fair it is for brethren to dwell together in unity'.**

[Psalm 133] *ആമ്മീൻ*, **സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു,**

Like the oil which descends upon the head and upon the beard. / Even the beard of Aaron, and descends to the hem of his robe. / Like the dew of Hermon, which descends on the mountain of Zion.

അത് അഹറോന്റെ തലയിന്മേലും, അവന്റെ അങ്കിയുടെ നെഞ്ചിന്മേൽ വീണുകിടക്കുന്ന താടിയായ അവന്റെ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും, സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞു പോലെയും ആകുന്നു.

Because there the Lord promised a blessing and life forevermore.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കല്പിച്ചു.

And to You belongs the praise, O God... *Barekmor.*
ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു... *ബാറെക്മോർ.*

† Glory to the Father, Son, and Holy Spirit
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Eniyono / എനിയോനോ

Let us make memory of Mary and may she help us by her prayers.

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

Let us make memory of the just and may they help us by their prayers.

നീതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

Prophets, apostles and martyrs, may your prayer be a stronghold to us.

ദീർഘദർശിമാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

Make us worthy, Lord, of the harbour of Your martyrs and of the dwelling of your friends.

കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമേ.

Compassionate and full of mercy, on the day of Your judgment, have mercy on us.

ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ! നിന്റെ ന്യായ വിസ്താര ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.

Blessed is He who does not keep His mercy from the sinner who calls upon Him. *Barekmor.*

തന്നെ വിളിക്കുന്ന പാപികളിൽ നിന്ന് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. *ബാറെക്മോർ.*

† Glory to the Father, Son, and Holy Spirit. Make a good memory, Lord, of the children of the Faithful Church.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്ക് നല്ല ഓർമ്മയുണ്ടാക്കണമേ.

Unto the ages of ages and forevermore. And let them stand at Your right hand on the day when Your Majesty appears.

മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതുഭാഗത്ത് നിൽക്കുമാറാകണമേ.

Alternate Eniyono / മറ്റൊരു എനിയോനോ

At all times and at all seasons, virgin Mother of God / may your prayer be a stronghold for us.

കന്യകയായ ദൈവമാതാവേ! എല്ലാ കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമേ.

By the prayers of Your saints / keep from us the evil one who at all times lays snares for us.

കർത്താവേ! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽ നിന്ന് മായിച്ചുകളയണമേ.

Jesus, our Lord, and our God, / may Your Cross be a stronghold for us and may we be protected beneath it.

ഞങ്ങളുടെ കർത്താവായ യേശുമശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

Jesus, Word of God, / guard the living by Your Cross and pardon the dead in Your mercy.

വചനമായ യേശു തമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

On all the days of our life / let us thank and worship and praise the Father, the Son and the Holy Spirit.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനെയും, പുത്രനെയും, വിശുദ്ധ റുഹായെയും സ്തുതിച്ച് വന്ദിച്ച് മഹത്ത്വപ്പെടുത്തണം

Our God, full of mercy, on the great day when You come, /raise us up at Your right hand.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നള്ളുന്ന നിന്റെ ആ വലിയ ദിവസത്തിൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിറുത്തണമേ.

You who have made us worthy to sing praise to You at this time / make us worthy to inherit Your kingdom.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

May Your mercy be upon us, Lord, / Lord of our death and our life, / have mercy on our souls. Lord, have mercy upon us and help us!

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ. കർത്താവേ! കൃപ ചെയ്ത് സഹായിക്കണമേ.

Psalms of Night Vigil

Awake, you that sleep, and rise and sing praise. *[Psalm 148]* **Praise the Lord from the heavens, praise Him in the heights.**

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ. ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

Praise Him, all His angels; praise Him, all his hosts.

അവന്റെ സകല ദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

Praise Him, sun and moon; praise Him, all stars of light; praise Him, heaven of heavens, and the waters above the heavens: let them praise the name of the Lord.

ആദിത്യചന്ദ്രന്മാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതേയുള്ള വെള്ളങ്ങളുമേ! അവനെ സ്തുതിപ്പിൻ; സ്തുതിക്കട്ടെ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

For He spoke and they were made, He commanded and they were created; He established them forever and ever, He gave them a law, which shall not pass away.

എന്തെന്നാൽ അവൻ പറഞ്ഞു; അവ ഉണ്ടായി. അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, നിയമം നിശ്ചയിച്ചു; അത് അഴിയുന്നതുമല്ല.

Praise the Lord from the earth, sea-monsters and all depths; fire and hail, snow and mist, stormy winds that fulfill His word.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ചവെള്ളവും, ഹിമവും, അവൻറെ വചനപ്രവൃത്തിയായ കാറ്റുകളും, കൊടുംകാറ്റുകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

Mountains and all hills, fruit trees and all cedars; wild beasts and all cattle, creeping things and birds that fly.

പർവ്വതങ്ങളും, സകല കുന്നുകളും, ഫല വൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളുമേ! (കർത്താവിനെ സ്തുതിപ്പിൻ).

Kings of the earth and all peoples, princes and all judges of the earth: young men too and maidens, old men and boys: let them praise the name of the Lord.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും, സകല ന്യായാധിപന്മാരും, ശിശുക്കളും, കന്യകമാരും, വൃദ്ധന്മാരും, യൗവ്വനക്കാരും കർത്താവിൻറെ നാമത്തെ സ്തുതിക്കട്ടെ.

For His name alone is exalted; His praise is on earth and in heaven, and He has lifted up the horn of His people; praise for all the just, the children of Israel, the people who draw near to Him.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്ത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തന്റെ ജനത്തിന്റെ കൊമ്പും, തന്റെ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്ത്വവും ഉയർത്തുന്നു.

[Psalm 149] **Praise the Lord with a new praise in the assembly of the just; let Israel be glad in her Maker, let the children of Zion rejoice in their King.**

[Psalm 149] **കർത്താവിന് പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.**

Let them praise His name with the timbrel and the drum, let them sing to Him with the harp: for the Lord takes pleasure in His people, and gives salvation to the poor.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

Let the just exult in glory, let them praise Him on their beds: let the high praises of God be in their throats, and two-edged swords in their hands.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും; അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

To execute vengeance on the nations, and to rebuke the peoples; to bind their kings with chains, their nobles with fetters of iron, to execute on them the judgment which is written: that is the glory of the just.

പുറജാതികൾക്ക് പ്രതിക്രിയയും, ജനത്തിന് ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾകൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവൻ്റെ സകല നീതിമാന്മാർക്കും മഹത്ത്വമുണ്ടാക്കുവാനും അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

[Psalm 150] **Praise the Lord in His holy place, praise Him in the firmament of His strength.**

[Psalm 150] **കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.**

Praise Him for His mighty deeds, praise Him for His abounding greatness, praise Him with the sound of the trumpet, praise Him with lyre and harp.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും, വീണകളാലും അവനെ സ്തുതിപ്പിൻ.

Praise Him with the timbrel and the drum, praise Him with the soft strings, praise Him with the loud cymbals; praise Him with the sound of the voice; let everything that has breath praise the Lord.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

[Psalm 117] Praise the Lord, all you nations; praise Him, all you peoples. For His grace is strong over us, truly the Lord is forever. And to you belongs the praise, O God… *Barekmor.*

[Psalm 117] സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻറെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു... *ബാറെക്മോർ.*

† Glory to the Father, Son and Holy Spirit
Unto the ages of ages and forevermore
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Praise to the Holy Trinity!
Praise to the Holy Trinity!
We praise the glorious Trinity, self-existent and eternal; and to You belongs the praise, O God, at all times.

ത്രിത്വത്തിന് സ്തുതി.
ത്രിത്വത്തിന് സ്തുതി.
സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

INTERCESSION OF SAINTS - QUQLION
Pethgomo / പെത്ഗോമൊ
(Nayavan panapole...)
The righteous shall flourish like a palm tree
Halleluyah (w Halleluyah),
Like a cedar of Lebanon - he shall grow.

നയവാൻ പനപോലെ തളിർത്തിടുമേ –
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
വളരുമവൻ ലെബനോൻ കാരകിൽ പോൽ.

They shall flourish and be great in old age
Halleluyah (w Halleluyah),
They shall be fruitful - and fragrant... *Barekmor*.

വൃദ്ധതയിലുമവർ തളിരിട്ട് തഴച്ചിടുമേ -
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
വർദ്ധിക്കുമവർക്ക് തുഷ്ടി പുഷ്ടികളും... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit
Unto to the ages of ages and forever more.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

Eqbo / എക്ക്ബൊ

(Orupolingum..)

Your mem'ry O St. (Thomas)
Be kept here and in Heaven
Let your pray'r be a help to
Those who honor your mem'ry.

Stoumen kalos. Kurielaison.

ഒരുപോലിങ്ങും (മാർത്തോമ്മാ)
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.

സ്തൗമെൻകാലോസ്. കുറിയേലായിസ്സോൻ.

Qolo of the Day / കോലൊ

(Morahimin / Marthoma than praarthanayaal)

By the pray`r of St. (Michael)
May the Lord God - remove wrath from earth
And make- His peace and his calm
Dwell in - the Church throughout earth

And may those who honor Him
Be kept from harm - now and forever… *Barekmor.*

മാർത്തോമ്മാ തൻ പ്രാർത്ഥനയാൽ
നാഥൻ പാരീ-ന്നരിശത്തെ നീക്കി
നില നിർത്തീടട്ടെങ്ങും തൻ
ശമവും ശാന്തിയുമതിരോളം
തൽ പെരുന്നാൾ കൊണ്ടാടുന്നോർ
ബാധകളീന്നും - രക്ഷിതരാവട്ടെ... *ബാറെക്മോർ.*

† Glory be to the Father, Son and the Holy Spirit
Unto to the ages of ages and forever more.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

"Neither fi`re nor the sword
Can remove me - from the love of Christ"
This is - what the Martyr George
Said be-fore the foes of Christ
"For the love of Him in me
I will refuse - all this world's pleasures"

ശുദ്ധന്മാർ ശുദ്ധൻ നീയെ-
ന്നിരു ലോകത്തും - വാഴ്ത്തും പരിശുദ്ധാ!
നീ പരിശുദ്ധൻ മാർത്തോമ്മാ
ശ്ലീഹായ്ക്കാത്മവരം നൽകി
തൽ പ്രാർത്ഥനയാൽ രോഗത്തിൻ
ശാന്തിയൊടൊപ്പം - പുണ്യവുമേകണമേ

Lord have mercy upon us and help us!
മൊറിയോ റാഹേമ്മേലൈനു ആദാറൈൻ!

BO'UTHO of MOR EPHREM / മാർ അപ്രേമിന്റെ ബോവുസോ

Lord have mercy upon us
By the pray`r of Your mother
By the pray`er of Your saints

Have mercy upon us all

കർത്താവേ! കൃപ ചെയ്യേണമേ
മാതൃ വിശുദ്ധ പ്രാർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി-
പ്പോയോർക്കും നൽകീടേണം

The Son, brought forth divinely
In Spirit from the Father
And in flesh from the virgin,
Exalts Mary forever

താതനിൽ നിന്നാത്മീയമതായ്
ജാതം ചെയ്തോനാം സുതനെ
കന്യകയാം മറിയാം ശുദ്ധ്യാ
പെറ്റല്ലോ ശാരീരികമായ്.

You martyrs, who like heroes
Endured pain and received crowns
Beseech our God with loud cries
That He may show us mercy

ഗൂഢമതായ് ജഠരേ മേവി
ഘോഷത്തോടുദയം ചെയ്താൻ
കണ്ടാലും കൊണ്ടാടുന്നു
സാദരമെന്നും തൽ സ്മരണ.

Call and they shall rise swiftly,
Those who took Your flesh and blood
When You come to pass judgement
Take them to Your marriage-feast

ശുദ്ധ്യാ നിൻ മെയ്യുൾക്കൊണ്ട്
രക്തം പാനം ചെയ്തോരെ
നിൻ നാദത്താലാഹ്വാനം
ചെയ്തെഴുന്നേൽപ്പിച്ചീടേണമേ.

Glory be to the Father
And Worship be to the Son;
Thanksgiving to the Spirit
And on us, mercy always

നീതിയെഴും വിധി നൽകാൻ നീ
വേഗം വന്നെത്തീടുമ്പോൾ
നിന്നോടൊത്തവരാമോദാൽ
ശോഭന ഗേഹം പൂകേണമേ.

Lord have mercy upon us
By the pray`r of Your mother
By the pray`er of Your saints
Have mercy upon us all

കർത്താവേ! കൃപ ചെയ്യേണമേ
മാതൃ വിശുദ്ധ പ്രാർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി-
പ്പോയോർക്കും നൽകീടേണമേ.

***Hymn of the Angels** (മാലാഖമാരുടെ സ്തുതിപ്പ്)*

As the angels and archangels on high in heaven sing praise, / so we poor children of earth sing praise and say:

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും, മൺമയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

At all times and at all seasons, glory to God in the heights, / and on earth, peace and tranquility and good hope for the sons of men.

കാലമൊക്കെയിലും, നേരമൊക്കെയിലും, ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും. (ഉണ്ടായിരിക്കട്ടെ).

We praise You, we bless You, we worship You, / we raise up a hymn of praise to You.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

We give thanks to You because of Your great glory, / Lord our Creator, King of Heaven, / God the Father Almighty.

സർവ്വശക്തിയുള്ള പിതാവും. സ്വർഗ്ഗീയ രാജാവും, സ്രഷ്ടാവുമാകുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനായ ദൈവമായ കർത്താവും, പരിശുദ്ധ റൂഹായുമാകുന്ന നിന്നെ നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

Lord God, only Son, Jesus Christ, with the Holy Spirit; Lord God, Lamb of God, Son and Word of the Father, /who take away, or rather have taken away, the sin of the world; / have mercy upon us.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.

You who take away, or rather have taken away the sin of the world, / incline Your ear to us and receive our prayers;

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

You who sit in glory at the right hand of the Father, / have compassion on us.

പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടിരിക്കുന്നവനേ! ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

Because You only are holy, You only, Lord Jesus Christ, / with the Holy Spirit, in the glory of God the Father. Amin.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിന് വിശുദ്ധ റൂഹായോടു കൂടെ യേശു മശിഹാ! നീ മാത്രം കർത്താവാകുന്നു. ആമ്മീൻ.

At all times and all the days of my life, / I will bless and praise Your name, which is holy and blessed forever, / and which remains forever and ever.

എല്ലാ കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

Blessed are You, Lord Almighty, God of our fathers, / and Your name is blessed and glorified in praise forever.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വ ശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

To You belongs glory, to You belongs praise, to You belongs honor, / God of all, Father of truth, / with the only Son and living Holy Spirit, now and always, forever and ever. Amin.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും. സത്യത്തിന്റെ പിതാവുമായവനേ! നിനക്കും, ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും, എല്ലാ സമയത്തും, എന്നേക്കും പുകഴ്ച ചേർച്ചയാകുന്നു. ആമ്മീൻ.

Concluding Prayer

O Lord Jesus Christ, do not close the door of Your mercy in our faces. We confess that we are sinners, have mercy upon us. / O Lord, Your love made you descend to us from Your place, /that by Your death our death might be abolished. / Have mercy upon us. Amin.

മോറാനേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ. കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി, ഞങ്ങളോട് കരുണയുണ്ടാകണമേ.

QAUMO / കൗമാ

(Trisagion)

Holy art Thou, O God!
Holy art Thou, Almighty!
Holy art Thou, Immortal!
† Crucified for us, have mercy on us! *(Repeat three times)*

ദൈവമേ! നീ പരിശുദ്ധനാകുന്നു!
ബലവാനേ! നീ പരിശുദ്ധനാകുന്നു!
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു!
ഞങ്ങൾക്കുവേണ്ടി † കുരിശിക്കപ്പെട്ടവനേ! ഞങ്ങളോടു കരുണ ചെയ്യേണമെ. *(3 Times)*

Lord, have mercy on us!
Lord, be kind and have mercy!
Lord, accept our service and our prayers! Have mercy on us!

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യേണമെ.
ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യേണമെ.
ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യേണമെ.

Glory be to Thee, O God!
Glory be to Thee, O Creator!
Glory be to Thee, O Christ the King
Who has compassion on His sinful servants… *Barekmor*

ദൈവമേ! നിനക്കു സ്തുതി.
സ്രഷ്ടാവേ! നിനക്ക് സ്തുതി.
പാപികളായ നിന്റെ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ! നിനക്ക് സ്തുതി... *ബാറെക്മോർ.*

The Lord's Prayer

Our Father, Who art in heaven, / hallowed be Thy name, / Thy kingdom come; / Thy will be done on earth / as it is in heaven. / Give us this day our daily bread, / and forgive us our debts and sins, / as we also have forgiven our debtors. / Lead us not into temptation, / but deliver us from the evil one, / for † Thine is the kingdom, / the power, and the glory, / forever and ever. / Amin.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും, പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

Peace be to thee, Mary, full of grace, our Lord is with thee. Blessed art thou among women, and blessed is the fruit of thy womb, our Lord Jesus, Christ. O, Virgin Saint Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amin.

കൃപ നിറഞ്ഞ മറിയമേ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവ് നിന്നോടുകൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവായ യേശുമശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവ മാതാവായ വിശുദ്ധ കന്യക മർത്തമറിയമേ! പാപികളായ ഞങ്ങൾക്കു വേണ്ടി, ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളേണമെ. ആമ്മീൻ.

NICENE CREED

The Nicene Creed is prayed at the conclusion of the Hour. We make the sign of the cross three times when we recall Christ's Incarnation, Crucifixion, and Resurrection.

We believe in one true God, the Father Almighty, Maker of heaven and earth and of all things visible and invisible.

And in One Lord Jesus Christ, the Only-Begotten, Son of God, begotten of the Father before all worlds, Light of Light, True God of True God, begotten, not made being of one essence with the Father, and by whom all things were made; who for us men and for our salvation came down from heaven,
† And was incarnate of the Holy Spirit and of the Holy Virgin Mary, Mother of God, and became man,
† And was crucified for us in the days of Pontius Pilate and suffered, and died, and was buried,
† And on the third day rose again according to His Will, and ascended into heaven, and sits at the right hand of His Father, and shall come again in His great glory to judge both the living and the dead, whose kingdom shall have no end.

And in the one Living Holy Spirit, the life-giving Lord of all, who proceeds from the Father, and who together with the Father and the Son is worshipped and glorified, who spoke through the prophets and the apostles.

And in the One, Holy, Catholic, and Apostolic Church. And we confess one baptism for the remission of sins and look for the resurrection of the dead and the new life in the world to come. Amin.

വിശ്വാസ പ്രമാണം

സർവ്വ ശക്തിയുള്ള പിതാവായ ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമായ സത്യ ഏകദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും സകലവും താൻ മുഖാന്തരമായി നിർമ്മിച്ചവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രകാരം † സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ശരീരിയായിത്തീർന്ന് മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് † സ്വർഗ്ഗത്തിലേക്ക് കരേറി, തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശു മശിഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു)

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപ മോചനത്തതിന് മാമോദിസ ഒരിക്കൽ മാത്രമാകുന്നുവെന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

Lord have mercy; Lord have mercy, Lord have mercy
(Kurielaison, Kurielaison, Kurielaison)
കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

Lord, have mercy upon us
Lord, be kind and have mercy
Answer, Lord, and have mercy

ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.
ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ.
ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമേ.

Glory be to You, O Lord
Glory be to You, O Lord
Glory be to You, our hope forever… *Barekmor*

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി.
ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി.
എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്ക് സ്തുതി...
ബാറെക്മോർ.

SAPRO (Matins)

PREFATORY PRAYER

† In the name of the Father, / and of the Son, /and of the Holy Spirit, / one true God.

† പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യൈക ദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി

Glory be to Him, / and may His mercy and compassion be upon us forever. / Amin.

നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കുമുണ്ടായിരിക്കട്ടെ. ആമ്മീൻ.

Holy, Holy, Holy, / Lord God Almighty, / by whose glory / the heaven and earth are filled, Hosanna in the Highest!

ആകാശവും ഭൂമിയും തന്റെ സ്തുതികളാൽ നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. ഉയരങ്ങളിൽ സ്തുതി.

Blessed is He who has come, / and is to come in the name of the Lord, God. / Glory be to Him in the Highest!

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

QAUMO / കൗമാ

(Trisagion)

Holy art Thou, O God!
Holy art Thou, Almighty!
Holy art Thou, Immortal!
† Crucified for us, have mercy on us! *(Repeat three times)*

ദൈവമേ! നീ പരിശുദ്ധനാകുന്നു!
ബലവാനേ! നീ പരിശുദ്ധനാകുന്നു!
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു!
ഞങ്ങൾക്കുവേണ്ടി † കുരിശിക്കപ്പെട്ടവനേ! ഞങ്ങളോടു കരുണ ചെയ്യേണമെ. *(3 Times)*

Lord, have mercy on us!
Lord, be kind and have mercy!
Lord, accept our service and our prayers! Have mercy on us!

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യേണമെ.
ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യേണമെ.
ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യേണമെ.

Glory be to Thee, O God!
Glory be to Thee, O Creator!
Glory be to Thee, O Christ the King
Who has compassion on His sinful servants… *Barekmor*

ദൈവമേ! നിനക്കു സ്തുതി.
സ്രഷ്ടാവേ! നിനക്ക് സ്തുതി.
പാപികളായ നിന്റെ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ! നിനക്ക് സ്തുതി... *ബാറെക്മോർ.*

The Lord's Prayer

Our Father, Who art in heaven, / hallowed be Thy name, / Thy kingdom come; / Thy will be done on earth / as it is in heaven. / Give us this day our daily bread, / and forgive us our debts and sins, / as we also have forgiven our debtors. / Lead us not into temptation, / but deliver us from the evil one, / for † Thine is the kingdom, / the power, and the glory, / forever and ever. / Amin.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ

തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും, പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

Peace be to thee, Mary, full of grace, our Lord is with thee. Blessed art thou among women, and blessed is the fruit of thy womb, our Lord Jesus, Christ. O, Virgin Saint Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amin.

കൃപ നിറഞ്ഞ മറിയമേ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവ് നിന്നോടുകൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവായ യേശുമശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവ മാതാവായ വിശുദ്ധ കന്യക മർത്തമറിയമേ! പാപികളായ ഞങ്ങൾക്കു വേണ്ടി, ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളേണമെ. ആമ്മീൻ.

Introductory Prayer

† Glory be to the Father, and to the Son, and to the Holy Spirit.

† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ

May His mercy and compassion be upon us, / weak and sinful, / in both worlds forever and ever. / Amin.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും, രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

Creator of the morning, who drives out the darkness and brings light and joy to the creation, create in us habits of virtue and drive from us all the darkness of sin; give is light and joy by the glorious rays of Your grace, our Lord and our God forever, Amin.

പ്രഭാതത്തിന്റെ സ്രഷ്ടാവും, അന്ധകാരത്തെ മായിച്ചുകളഞ്ഞ് സൃഷ്ടികൾക്ക് പ്രകാശം നൽകി സന്തോഷിപ്പിക്കുന്നവനുമായ കർത്താവേ! ഞങ്ങളിൽ പരിപാകതയുള്ള നടപടികൾ സൃഷ്ടിച്ച്, പാപാന്ധകാരത്തെ ഞങ്ങളിൽ നിന്ന് പൂർണ്ണമായി നീക്കിക്കളയേണമേ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! നിന്റെ കൃപയുടെ മഹനീയ കിരണങ്ങളാൽ ഞങ്ങളെ പ്രശോഭിപ്പിച്ച് സന്തോഷിപ്പിക്കുകയും ചെയ്യണമേ. മോറാൻ വാലോഹാൻ... ആമ്മീൻ.

Psalms of Matins

[Psalm 51] **Have mercy upon me, O God, in Your loving kindness; / in the abundance of Your mercy blot out my sin.**

[Psalm 51] **ദൈവമേ! നിന്റെ കൃപ പോലെ എന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.**

Wash me thoroughly from my guilt and cleanse me from my Sin./ For I acknowledge my fault and my sins are before me always.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു; എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെയുമിരിക്കുന്നു.

Against you only have I sinned and done evil in Your sight, / that You may be justified in Your words and vindicated in Your judgment. / For I was born in guilt and in sin did my mother conceive me.

നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

But you take pleasure in truth and You have made known to me the secrets of Your wisdom. / Sprinkle me with Your hyssop and I shall be clean; / wash me and I shall be whiter than snow.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു; നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കേണമേ; ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമേ; ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെൺമയാകും.

Give me the comfort of Your joy and gladness, and the bones, which have been humbled shall rejoice. / Turn away Your face from my sins and blot out all my faults.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമേ.

Create in me a clean heart, O God, / and renew Your steadfast spirit within me./ Do not cast me from Your presence / and take not Your Holy Spirit from me.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയുമരുതേ,

But restore to me Your joy and Your salvation / and let Your glorious spirit sustain me; / that I may teach the wicked Your way / and sinners may return to You.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

Deliver me from blood, O God, God of my salvation / and my tongue shall praise Your justice. / Lord, open my lips and my mouth shall sing Your praise.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

For you do not take pleasure in sacrifices; / by burnt offerings You are not appeased. / The sacrifice of God is a humble spirit, / a heart that is contrite God will not despise.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല; ഹോമ ബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

Do good in Your good pleasure to Zion and build up the walls of Jerusalem. / Then shall You be satisfied with sacrifices of truth and with whole burnt-offerings; / then shall they offer bullocks upon Your altar.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ; ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ നീതി ബലികളിലും ഹോമ ബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലി പീഠത്തിൻമേൽ കാളകൾ (ബലിയായ്) കരേറും.

And to You belongs the praise, O God… Barekmor.
ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു... ബാറെക്മോർ

† Glory be to the Father, Son and Holy Spirit
Unto the ages of ages and forevermore.
† ശുബഹോ ലാബോ വ് ലബ്റോ വൽറുഹോ കാദീശോ
മെന്ഓലം വാദാമോ ല് ഓലാം ഒൽ മീനാമീൻ

O Merciful God! Have mercy upon us in your mercy!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

Lord have mercy upon us and help us!
മൊറിയോ റാഹേമ്മേലൈനു ആദാറൈൻ!

[Psalm 63] ***Kurielaison*. My God, you are my God, I will seek You.**

[Psalm 63] ***കുറിയേലായിസോൻ.*** **എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.**

My soul thirsts for You and my flesh seeks for You like the thirsty earth, which is parched and begging for water.

ദാഹിച്ചു വരണ്ട് വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിപ്പോലെ എന്റെ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

So have I looked for You in truth, that I may see Your power and Your glory.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

Because your loving-kindness is better than life, / my lips shall praise You.

എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

So I will bless You while I live and will lift up my hands in Your name.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

My soul shall be enriched as with marrow and fat / and my mouth shall praise You with lips of praise.

